ശ്രീ. പി.കെ. അബ്ദുറബ്ബ് : സർ, ബഹുമാനപ്പെട്ട മന്ത്രി മുനിസിപ്പാലിറ്റികളിൽ ഈ പ്രശ്നമുണ്ടാകുന്നില്ല എന്നു പറഞ്ഞു. ഞാൻ തന്നെ ഇവിടെ സൂചിപ്പിച്ചതാണ്. മുനിസിപ്പാലിറ്റികളിൽ ഈ പ്രശ്നമുണ്ടാകാതിരിക്കുന്നത് അവിടെ ബിൽഡിംഗ് റൂൾ നിലവിൽ ഉള്ളതുകൊണ്ടാണ്. അവിടെ 383 (എ) വകുപ്പ് ഇല്ലെങ്കിൽപ്പോലും ബിൽഡിംഗ് റൂളുള്ളതുകൊണ്ട് മുന്നുമീറ്റർ വിട്ടിട്ടേ കെട്ടിടം നിർമ്മിക്കുകയുള്ളൂ. അങ്ങനെയുള്ള സാഹചര്യത്തിൽപ്പോലും അവിടെ അത് ക്രമവൽക്കരിക്കാനുള്ള അവസരം കൊടുത്തിരിക്കുകയാണ്. ഇവിടെ പഞ്ചായത്തുകളിൽ 220 (ബി) വകുപ്പു മാത്രമേയുള്ളൂ. ഏപ്രിൽ ഒന്നാം തീയതിമുതൽക്കേ ബിൽഡിംഗ് റൂൾ വരുന്നുള്ളൂ. അതുകൊണ്ടാണ് 220 (ബി) വകുപ്പ് ലംഘിച്ചുകൊണ്ട് നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഇളവ് അനുവദിക്കണം. അതിന് നമ്പർ കൊടുക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, അതിനെ സംബന്ധിച്ചാണ് ഞാൻ മറുപടി പറഞ്ഞത്. അതിന്റെ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിച്ച് അത് വീണ്ടും സഭയിൽ വരുന്നുണ്ട്. ആ സമയത്ത് ആവശ്യമായിട്ടുള്ള മാറ്റം നമുക്ക് വരുത്താം.

(2) കള്ള് ചെത്ത് വ്യവസായം നേരിടുന്ന പ്രതിസന്ധി

[10 AM]

ശ്രീ. എൻ.ആർ. ബാലൻ : സർ, കേരള സംസ്ഥാനത്തിലെ മുക്കാൽ ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു പ്രധാനപ്പെട്ട തൊഴിലധിഷ്ഠിത വ്യവസായമായ കള്ളുചെത്തു വ്യവസായം ഇന്ന് നേരിടുന്ന പ്രതിസന്ധിയിലേക്ക് ഈ സഭയുടേയും സർക്കാരിന്റേയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. 1996 ഏപ്രിൽ ഒന്നുമുതൽ കേരളത്തിൽ ചാരായ നിരോധനം നടപ്പിലാക്കിയശേഷം വ്യാജമദ്യ വില്പന, നമ്മുടെ സമൂഹത്തിനും ചെത്ത് വ്യവസായത്തിനും ഒരു ഭീഷണിയായി ഉയർന്നു വന്നിരിക്കുകയാണ്. മദ്യത്തിന്റെ കള്ളക്കടത്ത്, വ്യാജവാറ്റ്, വില്പന എന്നിവക്കെതിരെ സർക്കാർ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും കാര്യമായ ഫലമുണ്ടായിട്ടില്ല. ആയിരക്കണക്കിന് ലിറ്റർ മദ്യം കള്ളക്കടത്തായി ഓരോ ദിവസവും കേരളത്തിലേക്കു വന്നുകൊണ്ടിരിക്കുന്നുവെന്നാണ് പോലീസും എക്സൈസും അടുത്ത നാളുകളിലായി പിടിച്ചെടുത്ത കേസ്സുകൾ വ്യക്തമാക്കുന്നത്. ബിവറേജസ് കോർപ്പറേഷന്റെ വില്പനയിൽ വെറും രണ്ടര ശതമാനം വർദ്ധന മാത്രമേയുള്ളൂ എന്നത് വ്യാജമദ്യം ഒഴുകുന്നു എന്നതിന്റെ സൂചനയാണ്. ചാരായ നിരോധനത്തിനുശേഷം സ്ത്രീ തടവുകാരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരികയാണ് എന്നാണ് ജയിൽ അധികൃതർ പറയുന്നത്. ബൈക്കിൽ ചാരായം കടത്തിയ വിദ്യാർത്ഥികളെ ചേർത്തലയിൽ പോലീസ് അറസ്റ്റു ചെയ്ത സംഭവം വിദ്യാർത്ഥികളെപ്പോലും വ്യാജമദ്യ വില്പനക്ക് ഉപയോഗിക്കുന്നു എന്നുള്ളതിന്റെ സൂചനയാണ്. സമ്പൂർണ്ണമദ്യ നിരോധന മുദ്രാവാക്യമുയർത്തി സമരം നടത്തുന്നവർ ഈ വിപത്തിനെ കണ്ടില്ലെന്നു നടിക്കുകയാണ്. വ്യാജവില്പനക്കാരും കള്ളവാറ്റുകാരും മദ്യ നിരോധന വാദികളുടെ പിന്നിലണിനിരക്കുന്നതും നമുക്കു കാണാൻ കഴിയും. ഷാപ്പു കോൺട്രാക്ടർമാർ കള്ളുഷാപ്പുകൾ വഴി ചാരായം വില്ക്കാനും കൃത്രിമക്കള്ള് വില്ക്കാനും ചിലയിടങ്ങളിൽ ശ്രമിക്കുന്നുണ്ട്. വ്യാജ കള്ളു വില്പനക്കെതിരെ സർക്കാർ നടപടിയെടുക്കുമ്പോൾ, കോൺട്രാക്ടർമാർ സംഘടിതമായി ഷാപ്പുകൾ അടച്ചു പൂട്ടി സർക്കാരിനെ വെല്ലുവിളിക്കുന്ന അനുഭവങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ രാജ്യത്തുണ്ടാകുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് തൃശൂർ ജില്ലയിൽ മാസങ്ങളോളം 11 റേഞ്ചുകൾ കോൺട്രാക്ടർമാർ അടച്ചിട്ടത്. കേരളത്തിലെ സുപ്രധാന ചെത്തു തൊഴിലാളി കേന്ദ്രങ്ങളിലൊന്നായ അന്തിക്കാട് റേഞ്ച് ഇന്ന് പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ ബോണസ്, ക്ഷേമനിധി വിഹിതം, കൂലി എന്നിവയിൽ ഏകദേശം 78 ലക്ഷം രൂപയോളം കുടിശ്ശിക വരുത്തി തൊഴിലാളികൾക്ക് നൽകാതെ കോൺട്രാക്ടർ മുങ്ങിയിരിക്കുകയാണ്. ഈ കരാറുകാരനെതിരായി പ്രോസിക്യൂഷൻ നടപടിയെടുക്കാനും, കരാർ റദ്ദാക്കി, നിയമവിധേയമായി ഷാപ്പുകൾ നടത്താനും സർക്കാർ അടിയന്തിരമായി ഇടപെട്ട് ക്രമീകരണമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കള്ളുഷാപ്പുകളുടെ ലേലത്തുക അമിതമായി വർദ്ധിക്കുന്നത്, ലാഭത്തിനു വേണ്ടി നിയമവിരുദ്ധ മാർഗ്ഗം സ്വീകരിക്കാൻ പ്രേരണയാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെത്തു വ്യവസായത്തെ സംരക്ഷിക്കാൻ പല നടപടികളും സ്വീകരിച്ചുവെങ്കിലും പൂർണ്ണതയിലെത്തിയിട്ടില്ല എന്ന കാര്യം സൂചിപ്പിക്കുകയാണ്. 1998-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി കള്ളു വ്യവസായം പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടിയുള്ള കമ്മിറ്റിയും, അബ്കാരി നിയമ ഭേദഗതിക്കുവേണ്ടിയുള്ള കമ്മിറ്റിയും സംഘടിപ്പിച്ചുവെങ്കിലും ഇപ്പോൾ അതിന്റെ പ്രവർത്തനം നിലച്ച മട്ടാണ്. ഈ കമ്മിറ്റികളുടെ പ്രവർത്തനം ചിട്ടപ്പെടുത്താൻ അടിയന്തിര നടപടിയെടുക്കേണ്ടതുണ്ട്. കേരളത്തിലെ കള്ളുഷാപ്പുകളുടെ അവസ്ഥ ശോചനീയമാണ്. ഒടിഞ്ഞ ബഞ്ചും ഉലഞ്ഞ ഡെസ്ക്കുമുള്ള ചോർന്നൊലിക്കുന്ന ഷെഡ്ഡുകളാണ് ഭൂരിപക്ഷം ഷാപ്പുകളും - കള്ളുഷാപ്പുകൾ പുതുക്കി പണിയുന്നതിന് സ്റ്റേറ്റ് അടിസ്ഥാനത്തിൽ സൊസൈറ്റി രൂപീകരിക്കുമെന്നുള്ള പ്രഖ്യാപനം നടപ്പാക്കാൻ ഒരു നടപടിയും ഇതുവരേയും സ്വീകരിച്ചിട്ടില്ല. ചെത്തുതൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കാൻ, ഏഴര ശതമാനമായിരുന്ന സർക്കാർ വിഹിതം പത്തര ശതമാനമാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയെങ്കിലും സംഖ്യ ലഭിക്കാത്തതുമൂലം പെൻഷൻ വർദ്ധിപ്പിച്ചു നൽകാനുള്ള ക്ഷേമനിധി ബോർഡിന്റെ തീരുമാനം ഇതുവരേയും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ചെത്തു തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ ഇറക്കിയെങ്കിലും ഫൈനൽ നോട്ടിഫിക്കേഷനായിട്ടില്ല. അഞ്ചു വർഷത്തിലൊരിക്കൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കേണ്ടതാണ്. 1998 ജനുവരി 23-ന് കാലാവധി കഴിഞ്ഞതാണ്. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന്റെ കാര്യത്തിൽ സർക്കാർ കാണിച്ച മാതൃക-സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്താതെ അതു ചെത്തുതൊഴിലാളി രംഗത്തുകൂടി കാഴ്ചവെയ്ക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. തെങ്ങിനെ ബാധിച്ച മണ്ഡരി രോഗബാധ നാളികേര ഉല്പാദനത്തെ എന്ന പോലെ കള്ളുല്പാദനത്തേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. തെങ്ങ് രോഗം ബാധിച്ച് പ്രദേശങ്ങളിൽ തൊഴിൽ നഷ്ടപ്പെടുന്ന ചെത്തു തൊഴിലാളികളെയും വ്യവസായത്തെയും സംരക്ഷിക്കുന്നതിന് ടോഡി പ്ലാന്റേഷനുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ആവശ്യത്തിനനുസരിച്ച് കള്ളുല്പാദനം വർദ്ധിപ്പിക്കാൻ അനുവദിക്കുന്ന വൃക്ഷങ്ങൾ പൂർണ്ണമായും ചെത്തുമെന്നുറപ്പുണ്ടാക്കണം. അനുവദിക്കുന്ന വൃക്ഷങ്ങളുടെ എണ്ണം കാലോചിതമായി വർദ്ധിപ്പിക്കണം. വ്യാജമദ്യ കള്ളക്കടത്തും വില്പനയും നടത്തുന്ന മാഫിയ സംഘങ്ങളുടെ ആക്രമണങ്ങളെ നേരിടാൻ കഴിയുംവിധമുള്ള കരുത്തും ശക്തിയും ആർജ്ജിക്കത്തക്ക വിധത്തിൽ എക്സൈസ് സേനയെ ആധുനികവൽക്കരിക്കുകയും ഡിപ്പാർട്ടുമെന്റിലുണ്ടാകുന്ന ഒഴിവു

LIBRARY, ARCHIVES Kerala Legislative Assembly

കൾ നികത്തുകയും ചെയ്യണം. എക്സൈസ് ഉദ്യോഗസ്ഥന്മാരിൽ ഒരു വിഭാഗം സർക്കാർ നയത്തിനെതിരായി വ്യാജമദ്യ കള്ളക്കടത്തുകാരും വില്പനക്കാരുമായി ബന്ധമുള്ളവരാണ്. ഇവർക്കെതിരായി കർശനവും ശക്തവുമായ നടപടി സ്വീകരിക്കണം. ആ രീതിയിൽ വ്യാജമദ്യത്തിന്റെ ഉല്പാദനവും വില്പനയും കർക്കശമായി തടയുന്നതിനും ചെത്തു വ്യവസായത്തെ സംരക്ഷിക്കുന്നതിനും സത്വര നടപടി കൈക്കൊള്ളണമെന്ന് സർക്കാരിനോടും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുന്നു. *(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)*

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, അബ്കാരി നിയമം പ്രഖ്യാപിക്കുന്നതിനും കള്ളുവ്യവസായം പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 14.8.1998 -ൽ ജി.ഒ. എം.എസ്. നമ്പർ 119/98 ടി.ഡി. പ്രകാരം സർക്കാർ അബ്കാരി ആക്ട് റിവിഷൻ കമ്മിറ്റിയും കള്ളുവ്യവസായ പുനഃസംഘടനാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനം നടന്നുവരികയാണ്. കമ്മിറ്റികൾ വിവിധ ജില്ലകളിൽ യോഗം ചേർന്ന് ഈ മേഖലയുമായി ബന്ധപ്പെട്ടവരിൽ നിന്ന് അബ്കാരി ആക്ടിൽ വരുത്തേണ്ട ഭേദഗതികളെക്കുറിച്ചും കള്ളുവ്യവസായം നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചും അവ പരിഹരിക്കുന്ന മാർഗ്ഗങ്ങളെക്കുറിച്ചുമെല്ലാം തെളിവെടുപ്പു നടത്തിവരികയാണ്. 3.6.1997 മുതൽ അബ്കാരി കുറ്റങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചു. വ്യാജമദ്യ ഉല്പാദനവും വിതരണവും വില്പനയുമായി ബന്ധപ്പെട്ട എല്ലാ കുറ്റകൃത്യങ്ങളും ജാമ്യമില്ല, കേസ്സുകളാക്കുകയും പത്തുവർഷം വരെ നീളാവുന്ന തടവും ഒരു ലക്ഷം രൂപയിൽ കുറയാത്ത തുക പിഴയും ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. ബാറുകളിലും വിദേശ മദ്യഷാപ്പുകളിലും കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നു വാങ്ങുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യമാണ് വിൽക്കുന്നത്. വളരെ കുറഞ്ഞ വിലയുള്ള ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിൽക്കുന്നു എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വളരെ കുറഞ്ഞ വിലയ്ക്ക് വിദേശ മദ്യം വിൽക്കുന്നതായി കണ്ടാൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് അർഹമായ ആനുകൂല്യങ്ങൾ ബന്ധപ്പെട്ട തൊഴിൽ നിയമങ്ങളനുസരിച്ച് നൽകുന്നുണ്ട്. സംസ്ഥാനത്തെ വ്യാജവാറ്റും വ്യാജ മദ്യവില്പനയും വിതരണവും ഇല്ലാതാക്കുന്നതിനുവേണ്ടി ഈ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എക്സൈസ്-പോലീസ് വകുപ്പുകൾ അബ്കാരി കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിനുവേണ്ടി ശക്തമായ റെയിഡു നടത്തുന്നുണ്ട്. വ്യാജമദ്യത്തിന്റെ കള്ളക്കടത്ത് തടയുന്നതിനുവേണ്ടി വാഹന പരിശോധന കർശനമാക്കുകയും രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചെക്കു പോസ്റ്റുകളിൽ വാഹന പരിശോധന കുറ്റമറ്റതാക്കുകയും കൂടാതെ ചാരായ നിരോധനം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ജില്ലാ താലൂക്ക് ബ്ലോക്കുതല കമ്മിറ്റികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരികയും ചെയ്യും. ട്രേഡ് യൂണിയൻ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് അബ്കാരി കുറ്റങ്ങൾ കണ്ടുപിടിക്കാൻ ഉദ്യോഗസ്ഥരെ സഹായിക്കാനുള്ള സമിതികൾ ഉണ്ടാക്കാൻ നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് 31.1.2000 വരെ 2,31,855 റെയിഡുകൾ നടത്തിയിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി 1997-ൽ എക്സൈസ് വകുപ്പ് 6,434 കേസ്സുകളും പോലീസ് വകുപ്പ് 5,461 കേസ്സുകളും

LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുണ്ട്. അപ്രകാരം 1997-ൽ മൊത്തം 11,895 കേസുകൾ രജിസ്റ്റർ ചെയ്തു. 1998-ൽ എക്സൈസ് വകുപ്പ് 3,936- ഉം പോലീസ് വകുപ്പ് 5,032-ഉം ഉൾപ്പെടെ ആകെ 8,968 കേസ്സുകൾ അബ്കാരി കുറ്റകൃത്യപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1999-ൽ എക്സൈസ് വകുപ്പ് 4,400 കേസ്സുകളും പോലീസ് വകുപ്പ് 5,929 കേസ്സുകളും രജിസ്റ്റർ ചെയ്തു. ആകെ 1999-ൽ 10,329 കേസ്സുകൾ അബ്കാരി കുറ്റകൃത്യങ്ങൾക്ക് എതിരെ രജിസ്റ്റർ ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,195 വാഹനങ്ങളും അബ്കാരി കേസ്സുമായി ബന്ധപ്പെട്ട് പിടിച്ചെടുത്തിട്ടുണ്ട്. 1997-ന് 51,011 ലിറ്റർ സ്പിരിറ്റും 1998-ൽ 64,818 ലിറ്റർ സ്പിരിറ്റും 1999-ൽ 1,92,430 ലിറ്റർ സ്പിരിറ്റും പിടിച്ചെടുത്തിട്ടുണ്ട്. എക്സൈസ് വകുപ്പ് 1997-ൽ 24,472 ലിറ്റർ ചാരായവും 1998-ൽ 17,152 ലിറ്റർ ചാരായവും 1999-ൽ 55,628 ലിറ്റർ ചാരായവും പിടിച്ചെടുത്തു. കൂടാതെ 1997-ൽ 59,882 ലിറ്റർ വിദേശ മദ്യവും 1998-ൽ 80,318 ലിറ്റർ വിദേശ മദ്യവും 1999-ൽ 84,004 ലിറ്റർ വിദേശ മദ്യവും പിടിച്ചെടുത്തിട്ടുണ്ട്. 1997-ൽ 5,28,399 ലിറ്റർ വാഷും 1998-ൽ 4,45,674 ലിറ്റർ വാഷും 1999-ൽ 2,50,660 ലിറ്റർ വാഷും കണ്ടെടുത്ത് നശിപ്പിച്ചിട്ടുണ്ട്. വ്യാജമദ്യ ഉല്പാദനവും വിതരണവും വില്പനയും സംസ്ഥാനത്തുണ്ടാകാത്ത വിധത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നിരുന്നാലും ഇപ്പോഴും വ്യാജവാറ്റ് ഇവിടെ നടന്നു വരുന്നതായും ഇതിനെയെല്ലാം കവച്ചുവച്ചുകൊണ്ട് വീണ്ടും അവ വിതരണം ചെയ്യുന്നതായും ഗവണ്മെന്റിനറിയാം. ആ നിലയ്ക്കുതന്നെ അവ കൂടി ഇല്ലാതാക്കുന്നതിന്, പൊതുജന സഹകരണത്തോടുകൂടി എക്സൈസ് വകുപ്പു കുറച്ചുകൂടി കാര്യക്ഷമമായി കൂടുതൽ ശുഷ്ക്കാന്തിയോടുകൂടി പ്രവർത്തിക്കേണ്ടതുണ്ടെന്നുള്ള നിർദ്ദേശം അവർക്ക് കൊടുത്തിട്ടുണ്ട്. കള്ള് ചെത്ത് വ്യവസായം ഇന്ന് പ്രതിസന്ധി നേരിടുന്നു. ആ വ്യവസായം തന്നെ റീസ്ട്രക്ച്ചർ ചെയ്യുന്നതിനു വേണ്ടി ഉദയഭാനു കമ്മിഷൻ ശുപാർശ ചെയ്തതുപോലുള്ള രീതിയിൽ, അതായത് ഇപ്പോൾ ഷാപ്പ് എടുത്ത ഒരാൾ അയാൾക്കല്ലാതെ വേറൊരാൾ ഷാപ്പ് എടുത്താൽ ആ ഷാപ്പിന്റെ കെട്ടിടം വിട്ടുകൊടുക്കുകയില്ല. വേറെ വല്ലയിടത്തും ഒരു കെട്ടിടം എടുത്താൽ ആളുകൾ സമ്മതിക്കുകയില്ല. അപ്പോൾ ഇയാളുടെ കരുണയുണ്ടെങ്കിലേ ഷാപ്പ് പോകുകയുള്ളൂ എന്ന ഒരവസ്ഥ വന്നുകൊണ്ടിരിക്കുന്നു. കാരണം അതിന്റെ ഏരിയായിൽ തന്നെയാണെങ്കിലും ഷാപ്പ് മാറ്റിയാൽ പ്രശ്നമുണ്ടാകും. ആർക്കും കള്ള് ഷാപ്പ് അടുത്ത് വരുന്നത് ഇഷ്ടമുണ്ടാകുകയില്ല. അപ്പോൾ ഷാപ്പിന്റെ ഉടമസ്ഥൻ ഇയാളാണ്. അതുകൊണ്ട് ടോഡി വെൽഫെയർ ഫണ്ടിന്റെ സഹായം വാങ്ങിക്കൊണ്ട് കെ.എച്ച്. ആർ.ഡബ്ല്യൂ.എസ്. ന്റെ മാതൃകയിൽ ഒരു സ്ഥാപനമുണ്ടാക്കി അതിന്റെ വക ഫിക്സഡായിട്ടുള്ള കള്ള് ഷാപ്പ്, കള്ള് ഷാപ്പ് അധികരിക്കാനുള്ള ഉദ്ദേശത്തിലല്ല, ഇപ്പോൾ ഷാപ്പുകൾ തുടരുന്ന സ്ഥലങ്ങളിൽ കെട്ടിടം പണിയുകയും, അപ്പോൾ ലേലത്തിൽ ആർക്കാണ് ഈ ഷാപ്പ് കിട്ടുകയെന്നുവെച്ചാൽ അവർക്ക് ഷാപ്പ് കിട്ടും. കെട്ടിടയുടമ വേറെ ആൾ എടുത്താൽ ഷാപ്പ് കൊടുക്കുകയില്ല. അപ്പോൾ അയാൾക്ക് ഇഷ്ടമുള്ള രീതിയിൽ ചെയ്യാമെന്നുള്ള രീതിയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. വേറൊരു സ്ഥലത്ത് ഷാപ്പ് മാറ്റാൻ ആരും സമ്മതിക്കാനും പോകുന്നില്ല. ഈ ഒരവസ്ഥ ഉണ്ട്. അതുകൊണ്ട് തൃശ്ശൂരും എറണാകുളവും പൈലറ്റ് സ്കീമായിട്ട് എടുത്ത് അതിൽ മുൻഗണന കൊടുത്ത് വർക്കുകൾ കൊണ്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്ക് മുൻപ് എന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗം അതിന് തീരുമാനിച്ചിട്ടുണ്ട്. ആ നിലയ്ക്കു തന്നെ ഇത് മുന്നോട്ടു പോകും. ഇപ്പോൾ വിസ്കി എന്നൊക്കെ പറയുന്ന കളർ ചേർത്ത ചാരായം തമിഴ്നാട്ടിൽ നിന്നും കർണ്ണാട

LIBRARY ARCHIVES Kerala Legislative Assembly

കത്തിൽനിന്നും ധാരാളമായി വരുന്നുണ്ട്. ഞാൻ ഇപ്പോൾ വായിച്ച അത്രയും ലിറ്റർ ചാരായം പിടിച്ചിട്ടുണ്ട്. ഇനിയും വളരെയധികമുണ്ടാകും. ഈ പിടിച്ചത് വരവിന്റെ എത്രയോ തുച്ഛമാണെന്നുള്ളത് എനിക്കറിയാം. അതുകൊണ്ട് ഇതൊക്കെ വലിയ കേമത്തരമായി പിടിച്ചെടുത്തു, ഇനി ഒരു ഒറ്റത്തുള്ളി ചാരായം ഇവിടെ ഇല്ല എന്നൊന്നും ഞാൻ അവകാശപ്പെടുന്നില്ല. എന്തിനാണ് ഇല്ലാത്ത അവകാശം ഉന്നയിക്കുന്നത്. പക്ഷെ ഈ ഫിഗർ കാണുമ്പോൾ ഒരു പേടി തോന്നുന്നു. പിടിച്ചതുതന്നെ ഇത്രയുമുണ്ടെങ്കിൽ ഇനിയും എത്രമാത്രം ഉണ്ടാകുമെന്ന് ആലോചിക്കുക. അതുകൊണ്ട് വളരെ ഗൗരവതരമായ പ്രശ്നമാണ്. അല്ലാതെ ഞാൻ ഇപ്പോൾ എത്ര ലക്ഷം, ഇത്രലക്ഷം പിടിച്ചുവെന്ന് പറഞ്ഞ് എക്സൈസ് എല്ലാം പിടിച്ചു അവസാനത്തുള്ളി ഡ്രോപ്പും ഒപ്പിയെടുത്ത് ഇപ്പോൾ പ്രശ്നമേ ഇല്ല എന്നുള്ള രീതിയിൽ കാര്യങ്ങൾ പോകുന്നില്ല. യാഥാർത്ഥ്യം യാഥാർത്ഥ്യമായി കാണാൻ ഈ ഗവണ്മെന്റ് തയ്യാറാണ്. ആ യാഥാർത്ഥ്യം കണ്ടുകൊണ്ടുതന്നെ ശുഷ്കാന്തി വേണ്ടിടത്ത് അതായത് ഡ്യൂട്ടി ചെയ്യാത്ത ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന നടപടിയെടുത്തിട്ടുണ്ട്. ഡ്യൂട്ടി നോക്കാൻ ആളില്ലാത്ത ഒരവസ്ഥയാകുന്നതുവരെ നടപടിയെടുത്തിട്ടുണ്ട്. ഇനി നടപടിയെടുത്താൽ ഡ്യൂട്ടി നോക്കാൻ ആളുണ്ടാവില്ല ആ രീതിയിൽ വളരെ കർശനമായി തന്നെ നേരിട്ടു. കള്ള് ചെത്ത് വ്യവസായം പതിനായിരക്കണക്കിന് തൊഴിലാളികളുടെ പരമ്പരാഗതമായ തൊഴിലാണ്. ഇത് നശിപ്പിക്കാൻ മറ്റ് മേഖലയിൽനിന്നുള്ള ആക്രമണം നിർത്താനും ആ വ്യവസായം നിലനിർത്താനും, അവരുടെ ജീവിതം സുസ്ഥിരമാക്കാനുമുള്ള എല്ലാ നടപടികളും സ്വീകരിക്കും. ഭരണപക്ഷത്തിരിക്കുന്നവരുടേയും പ്രതിപക്ഷത്തിരിക്കുന്നവരുടേയും നാട്ടിലെ ആളുകളുടേയും എല്ലാപേരുടേയും അഭിപ്രായങ്ങൾ എടുത്തുകൊണ്ടുതന്നെ എല്ലാ യൂണിയന്റെ പ്രതിനിധികളേയും വിളിച്ച് ചർച്ച ചെയ്തിട്ടുണ്ട്. ഈ റീസ്ട്രക്ച്ചറിംഗ് കമ്മിറ്റിയിൽ എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളുമുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ജോയിന്റ് കമ്മിഷണർ അതിന്റെ കൺവീനറും, ലാ ഡിപ്പാർട്ടുമെന്റിലെ അഡീഷണൽ സെക്രട്ടറിയും, ടോഡി യൂണിയന്റേയും സെൻട്രൽ ട്രേഡ് യൂണിയന്റേയും പ്രതിനിധികളുമടങ്ങിയിട്ടുള്ള ഒരു കമ്മിറ്റിയാണിത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഇപ്പോൾ കിട്ടും. അതനുസരിച്ച് ഗവണ്മെന്റ് അതിന്റെ നാനാവശങ്ങളും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

<u>ശ്രീ. എൻ.ആർ. ബാലൻ</u> : സർ, ചെത്ത് തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷന്റെ സ്റ്റേറ്റ് വിഹിതം ഏഴര ശതമാനമെന്നത് പത്ത് ശതമാനമാക്കി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയതാണ്. പക്ഷെ പൈസ ഇതുവരേയും ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടില്ല. ഈ പൈസ കിട്ടുമെന്ന അടിസ്ഥാനത്തിൽ പെൻഷൻ തുക 100 രൂപയെന്നുള്ളത് 150 രൂപയായി വർദ്ധിപ്പിക്കാൻ ക്ഷേമനിധി ബോർഡ് തീരുമാനിച്ചതാണ്. അതുകൊണ്ട് പത്ത് ശതമാനമായി വർദ്ധിപ്പിക്കുമെന്ന ഗവണ്മെന്റിന്റെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലിറക്കിയ ഉത്തരവുപ്രകാരമുള്ള സംഖ്യ എത്രയും വേഗം ക്ഷേമനിധി ബോർഡിന് നൽകുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, ക്ഷേമനിധി ബോർഡിലേയ്ക്കുള്ള ഗവണ്മെന്റ് കോൺട്രിബ്യൂഷൻ ഏഴര ശതമാനത്തിൽനിന്ന് പത്ത് ശതമാനമായി ഉയർത്തി. ആ രണ്ടരശതമാനം കൊടുക്കണമല്ലോ? ആ സംഖ്യ കൊടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷം തീരുന്നതിനുമുൻപു

LIBRARY ARCHIVES Kerala Legislative Assembly

തന്നെ അത് കൊടുക്കും. ഇത് കിട്ടുമെന്ന് വിചാരിച്ചാണ് അവർ 100 രൂപയെന്നുള്ളത് 150 രൂപയാക്കിയത്. ഇത് കൊടുക്കുകയില്ലെന്നു പറഞ്ഞാൽ അവർ എന്ത് ചെയ്യും? നിശ്ചയമായും ഗവണ്മെന്റ് അതിൽ അറച്ച് നിൽക്കുകയില്ല. ആ പണം കൊടുക്കാൻ ഗവണ്മെന്റ് ബാദ്ധ്യസ്ഥമാണ്. അത് ഗവണ്മെന്റിന്റെ ബാദ്ധ്യതയാണ്. ആ ബാദ്ധ്യത നിറവേറ്റുകതന്നെ ചെയ്യും.

മി. സ്പീക്കർ : ഇന്ന് ലോക വനിതാ ദിനമാണല്ലോ; വനിതകൾക്കു വേണ്ടി എന്താണ് ചെയ്യാൻ കഴിയുക. ആദ്യത്തെ സബ്മിഷൻ അവർക്ക് കൊടുക്കാം.

IV. സബ്മിഷൻ

(1) ഇടതുപക്ഷ ജനാധിപത്യ മഹിളാ സംയുക്ത സമിതിയുടെ രാജ്ഭവൻ മാർച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഇന്ന് മാർച്ച് 8 ആണ്. സാർവ്വദേശീയ മഹിളാ ദിനമാണ്. ലോകത്തെമ്പാടുമുള്ള സ്ത്രീകൾ ഇന്ന് അവകാശ ദിനം ആചരിക്കുകയാണ്. സ്ത്രീകളുടെ പ്രശ്നങ്ങളും അവകാശങ്ങളുമുൾക്കൊള്ളുന്ന നിവേദനം എല്ലാ ഭരണത്തലവൻമാർക്കും സമർപ്പിച്ചുകൊണ്ട് ഈ ദിനം ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി പതിനായിരക്കണക്കിന് സ്ത്രീകൾ പാർലമെന്റിലേയ്ക്ക് മാർച്ച് ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്ത് രാജ്ഭവനിലേയ്ക്കും ജില്ലാ കേന്ദ്രങ്ങളിലേയ്ക്കും മാർച്ച് നടത്തുകയാണ്. ദാരിദ്ര്യം തുടച്ചുമാറ്റുന്നതിനും ലോകത്തിലെ സമ്പത്ത് മുഴുവൻ മനുഷ്യർക്കും തുല്യമായി വിതരണം ചെയ്യാനും സ്ത്രീകൾക്കു നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഇടതുപക്ഷ സംയുക്തസമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് നടക്കുന്നത്. വനിതാ സംവരണവുമുണ്ട്. ഏതൊരു പ്രശ്നത്തിന്റേയും ദുരന്തഫലം അനുഭവിക്കേണ്ടിവരുന്നത് സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സ്ത്രീകളാണ്. പുരോഗതിയിൽ നിന്ന് പുരോഗതിയിലേയ്ക്ക് എന്നുപറഞ്ഞുകൊണ്ട് കഴിഞ്ഞ പത്ത് വർഷമായി ഇന്ത്യാ രാജ്യത്ത് അടിച്ചേൽപ്പിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി നടപ്പാക്കിയ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഇന്ത്യയെ വലിയ കടക്കെണിയിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കുമാണ് നയിച്ചത്. ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ തന്നെ നമ്മുടെ അർദ്ധപ്പട്ടിണിക്കാരെ മുഴുപ്പട്ടിണിക്കാരാക്കാനാണ് സഹായിക്കുക. കൂട്ടു കുടുംബ ആത്മഹത്യതന്നെ നടന്നുകൊണ്ടിരിക്കുകയാണ്. അത്തരം വാർത്തകൾ പത്രങ്ങളിൽ വരുന്നുണ്ട്. ദാരിദ്ര്യം സ്ത്രീ-പുരുഷ വ്യത്യാസങ്ങളെ വലുതാക്കുന്നു.

ഇൻഡ്യയിലെ പരമദരിദ്രരായ 40 കോടി ജനങ്ങളിൽ 55 ശതമാനം പേർക്കും വീടില്ല. അതിൽ 35 ശതമാനം കുടുംബങ്ങളിലും സ്ത്രീകളാണു കുടുംബ നാഥകളായിട്ടുള്ളതാണ്. അവർക്ക് താങ്ങാൻ കഴിയാത്ത വിധത്തിലാണ് ഇപ്പോഴത്തെ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ രാജ്യവ്യാപകമായി വർദ്ധിച്ചു വരികയാണ്. സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് കുറ്റവാളികളുടെ മേൽ കർശനമായ നടപടി സ്വീകരിക്കണം. അവരുടെ സംരക്ഷക്ക് ഒരു അനാസ്ഥയുണ്ടാകാൻ പാടില്ല. കേരളത്തിൽ സ്ത്രീയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കുന്നതിനാവശ്യമായ വിധത്തിൽ നിലവിലുള്ള നിയമങ്ങളുടെ സംരക്ഷണം അവർക്ക് ലഭിക്കുന്നുണ്ടെന്നുള്ളത് ഇത്തരുണത്തിൽ ഞാൻ സ്മരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദികളിലും

LIBRARY ARCHIVES Kerala Legislative Assembly